**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - സുസ്ഥിര നഗരവികസന പദ്ധതി (അർബൻ 20-20) - വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കിയ കൺസൾട്ടൻസി സ്ഥാപനങ്ങൾക്കുള്ള പ്രതിഫലം നഗരസഭകളുടെ തനത് ഫണ്ട്/പ്ലാൻ ഫണ്ടിൽ നിന്നും നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്

സ.ഉ. (സാധാ) നമ്പർ 2679/2018/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം 20.10.2018.

---

പരാമർശം - (1) സ.ഉ. (സാധാ) നമ്പർ 1777/2014/തസ്വഭവ തീയതി 10.07.2014.
(2) സ.ഉ. (സാധാ) നമ്പർ 2823/2014/തസ്വഭവ തീയതി 31.10.2014.
(3) സ.ഉ. (സാധാ) നമ്പർ 1983/2015/തസ്വഭവ തീയതി 01.07.2015.
(4) സ.ഉ. (സാധാ) നമ്പർ 2172/2015/തസ്വഭവ തീയതി 17.07.2015.
(5) 28.09.2017 ന് ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്.
(6) AMRUT മിഷൻ ഡയറക്ടറുടെ 01.08.2018 ലെ A4/3290/2012/KSGDP നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം (1) ഉത്തരവ് പ്രകാരം കേരളത്തിലെ വിവിധ മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും അർബൻ ഇൻഫ്രാസ്ട്രക്ച്ചർ പദ്ധതികൾ നടപ്പിലാക്കുന്നതിനായി ഗുണമേന്മയുള്ള പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനുള്ള സ്റ്റേറ്റ് ലെവൽ നോഡൽ ഏജൻസി ആയി കെ.എസ്.യു.ഡി.പി യെ ചുമതലപ്പെടുത്തിരുന്നു. പരാമർശം (2) പ്രകാരം പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കാൻ കൺസൾട്ടൻസി സ്ഥാപനങ്ങളെ എംപാനൽ ചെയ്തു. പരാമർശം (3) ഉത്തരവ് പ്രകാരം നഗരസഭകളും, കെ.എസ്.യു.ഡി.പി പ്രോജക്ട് ഡയറക്ടറും, കൺസൾട്ടന്റുമാരുമായി ഒരു ത്രികക്ഷി കരാറിൽ ഏർപ്പെടുന്നതിന് സർക്കാർ അനുമതി നൽകി. അതിൻ പ്രകാരം കൺസൾട്ടൻസി സ്ഥാപനങ്ങൾ 33 നഗരസഭകളുമായി കരാറിൽ ഏർപ്പെടുകയും വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കി നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത കരാർ അനുസരിച്ച് പല നഗരസഭകളും അംഗീകാരം ലഭിച്ച പദ്ധതികളുടെ ഡി.പി.ആർ തയ്യാറാക്കി നൽകിയ വകയിൽ കൺസൾട്ടൻസി സ്ഥാപനങ്ങൾക്ക് പ്രതിഫലം നൽകാനുണ്ട്. എന്നാൽ 2015-16 വർഷത്തെ ബഡ്ജറ്റിലോ, 2016-17 ലെ ബഡ്ജറ്റിലോ ഇതിനായി തുക വകയിരുത്തിയിരുന്നില്ല.

2. സുസ്ഥിര നഗരവികസന പദ്ധതി (അർബൻ 20-20) യിൽ കൺസൾട്ടന്റുമാർക്ക് നൽകേണ്ട ഫീസ് അതാത് നഗരസഭകൾ ഡി.പി.ആറുകൾ തയ്യാറാക്കി കൺസൾട്ടൻസി സ്ഥാപനങ്ങൾ സമർപ്പിക്കുന്ന മുറയ്ക്ക് നിയമാനുസരണം 2017-18 വർഷവും അടുത്ത വർഷവുമായി പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തി നൽകേണ്ടതാണെന്ന് പരാമർശം (5) പ്രകാരം തീരുമാനിച്ചിരുന്നു. 2018-19 വാർഷിക പദ്ധതിയിൽ നിന്ന് അർബൻ 20-20 സ്കീമിൽ ഡി.പി.ആർ തയ്യാറാക്കി നൽകിയതിനുള്ള കൺസൾട്ടൻസി ചാർജ്ജ് നൽകുന്നതിനായി സർക്കാർ ഉത്തരവ് ലഭിച്ചാൽ മാത്രമേ നഗരസഭകൾക്ക് പ്ലാൻ/തനത് ഫണ്ടിൽ ഉൾപ്പെടുത്തി തുക നൽകാൻ സാധിക്കുകയുള്ളൂ എന്ന് നഗരസഭകൾ അറിയിച്ചിട്ടുണ്ടെന്നും ആയതിനാൽ ഇത് സംബന്ധിച്ച ഉത്തരവ് നൽകണമെന്നും മിഷൻ ഡയറക്ടർ, AMRUT പരാമർശം (6) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അർബൻ 20-20 പദ്ധതിയിൽ നഗരസഭകൾക്കു വേണ്ടി കൺസൾട്ടൻസി സ്ഥാപനങ്ങൾ തയ്യാറാക്കിയ വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ പരിശോധിച്ച് ഗുണമേൻമയുള്ളതാണെങ്കിൽ ബന്ധപ്പെട്ട നഗരസഭകളുടെ തനത് ഫണ്ടിൽ നിന്നോ പ്ലാൻ ഫണ്ടിൽ നിന്നോ സേവിംഗ്സിൽ നിന്നോ ആയതിനുള്ള കൺസൾട്ടൻസി ചാർജ് നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
സിന്ധു.എൽ.,
സ്പെഷ്യൽ സെക്രട്ടറി.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം.
മിഷൻ ഡയറക്ടർ, അമൃത്.
എല്ലാ നഗരസഭ / കോർപ്പറേഷൻ അദ്ധ്യക്ഷന്മാർക്കും സെക്രട്ടറിമാർക്കും.
(നഗരകാര്യ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ കൺസൾട്ടന്റ്, കിറ്റ്കോ.
ഡയറക്ടർ, ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സൊസൈറ്റൽ അഡ് വാൻസ് മെന്റ്, റ്റി.സി. 7/ 768(25), കേശവപുരം ലൈൻ, മരുതൻകുഴി, കാഞ്ഞിരംപാറ പി.ഒ., തിരുവനന്തപുരം 695 030
അക്കൗണ്ടന്റ് ജനറൽ (എ&ഇ) / (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
ഇൻഫർമേഷൻ ഓഫീസർ, ഐ&പി.ആർ.(വെബ് & ന്യൂമീഡിയ) വകുപ്പ്
(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
ഓഫീസ് കോപ്പി / കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ